(ബി) എങ്കിൽ ഇതേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റു വല്ല നടപടിയും സ്വീകരിച്ചുവോ?

ഉത്തരം

(എ) ലഭിച്ചു.

(ബി) റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. താമസിയാതെ ഗവൺമെന്റു തീരുമാനങ്ങൾ വെളിപ്പെടുത്തുന്നതാണ്.

ADJOURNMENT MOTION

Police firing at, Kuppapuram

9 a.m.

ഈ മാസം 23—ാം തീയതി കുട്ടനാട്ടിലെ കുപ്പപ്പുറത്തെ കർഷിക തൊഴിലാളികളുടെ മേൽ പോലീസ് ലാത്തിച്ചാർജു നടത്തുകയും വെടിവയ്ക്കുകയും ചെയ്തതിന്റെ ഫലമായി ഒരാൾ കൊല്ലപ്പെടുകയും വേറൊരാൾക്ക് പരിക്കേൽക്കുകയും ചെയ്തതിന്റെ ഫലമായി അവിടെ നിലവിലിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് റൂൾ 49 അനുസരിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദൻ തുടങ്ങി പതിനാറു ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. അതിനെപ്പറ്റി മന്ത്രിക്ക് പറയാനുള്ളതു പറയാം.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, കൈനകരി ഗ്രാമത്തിലെ ചെറുകാലി കായലിനടുത്ത് അക്രമാസക്തമായ ഒരു ജനക്കൂട്ടത്തെ പിരിച്ചു വിടാൻ പോലീസിന് വെടിവയ്ക്കേണ്ടിവരികയും, ആ വെടിവെയ്പിൽ ഒരാൾ കൊല്ലപ്പെടുകയും വേറൊരാൾക്ക് പരിക്കേൽക്കുകയും ചെയ്തുവെന്നുള്ള ഖേദകരമായ വിവരം ഈ സഭയെ ഞാൻ അറിയിക്കുകയാണ്.

അതിന്റെ പശ്ചാത്തലത്തെപ്പറ്റി ഏതാനും വാക്കുകൾ പ്രസ്താവിക്കാനുണ്ട്. കുട്ടനാട് താലൂക്കിൽ കൊയ്ത്ത് പുരോഗമിച്ചുകൊണ്ടു വരികയാണ്. ഐ. ആർ. സി. അംഗീകരിച്ചതനുസരിച്ച് ആ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ളതിനെക്കാൾ കൂലി കൂട്ടിക്കിട്ടാൻ വേണ്ടി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ കർഷകത്തൊഴിലാളികൾ സംഘടിച്ച് പ്രകടനം കൂട്ടിക്കുന്നുണ്ട്. എന്നാൽ കൃഷിക്കാർ ഈ കൂലി കൂട്ടിക്കൊടുക്കാൻ കൂട്ടാകുന്നില്ല. അതിന് അവർ പറയുന്ന ഒരു വാദം നെല്ലിന്റെ വില കുറഞ്ഞു വരുന്നതുകൊണ്ട് ഇത്രയും കൂലി കൂടുതൽ കൊടുക്കാൻ കഴിയുകയില്ലെന്നാണ്. ഈ പ്രശ്നത്തിന്റെ ന്യായാന്യായങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. കൊയ്ത്ത് തടസ്സപ്പെടുത്താൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളികൾ പരിശ്രമിക്കുകയും, അവർ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിക്കാരല്ലാത്ത തൊഴിലാളികളെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നതുകൊണ്ട് ആ പ്രദേശങ്ങളിൽ സമാധാനപരമായി കൊയ്ത്ത് നടത്തുന്നതിന് പോലീസിന്റെ സംരക്ഷണം നൽകുകയുണ്ടായി. ഈ ജനുവരി 26—ാംതീയതി നടന്ന സംഭവത്തെക്കുറിച്ച് ആലപ്പുഴ പോലീസ് സൂപ്രണ്ടിൽനിന്നും ലഭിച്ച വിവരങ്ങളാണ് താഴെ ചേർക്കുന്നത്.

ശ്രീമതി ലീലാമ്മ ഉറുമ്മീസ് എന്ന ആളുടെ ഉടമയിലുള്ള ഇരുപത്തിയഞ്ചേക്കർ നെൽക്കൃഷി സ്ഥലം ചെറുകാലി കായലിലുണ്ട്. ആ സ്ഥലത്തെ

LIBRARY ARCHIVES Kerala Legislative Assembly

കൊയ്ത്തിന് പോലീസിന്റെ സംരക്ഷണം ലഭിക്കണമെന്നുള്ള അപേക്ഷ പോലീസിന് ലഭിച്ചതിനെ തുടർന്ന് ഒരു സർക്കിൾ ഇൻസ്പെക്ടരും. മൂന്നു നാലു സബ്ഇൻസ്പെക്ടേഴ്സിനേയും ഒരു സെക്ഷ്യൽ റിസർവ്വു പോലീസിനേയും, എസ്. എ. പി. യേയും, സി. ആർ പിയേയും 26—ാം തീയതി രാവിലെ അങ്ങോട്ടു അയയ്ക്കുകയുണ്ടായി. രാവിലെ ഒൻപതു മണിക്ക് കൊയ്ത്തു ആരംഭിച്ചു. കൃഷിക്കാർ കൊണ്ടുവന്ന 150 തൊഴിലാളികളും കൊയ്ത്തിനുവേണ്ടി കായലിൽ ഇറങ്ങി. ആ പ്രദേശത്തുകാരായ 50 തൊഴിലാളികളെ കൃഷിക്കാർ കൊയ്ത്തിന് നിറുത്തുകയും അവർകൊയ്ത്തിന് ഇറങ്ങുകയും ചെയ്തു. ആ പ്രദേശത്തുള്ള മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിയന്ത്രണത്തിലുള്ള 50 തൊഴിലാളികളും പോലീസിന്റെ സാന്നിദ്ധ്യത്തിൽ കൊയ്യാൻ സാദ്ധ്യമല്ലെന്നു പറഞ്ഞുകൊണ്ട് സ്ഥലം വിട്ടുപോയി. അങ്ങിനെ കൊയ്ത്തു സാമാധാനപരമായി പുരോഗമിച്ചുകൊണ്ടിരുന്നു. ഏകദേശം ഉച്ചയ്ക്കു ശേഷം രണ്ടുമണിയോടുകൂടി കൊയ്ത്ത് കഴിയാറായപ്പോൾ, കറുകയും കെട്ടിക്കൊണ്ടിരുന്നപ്പോൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ അയ്യായിരത്തോളം അനുയായികൾ, വാരിക്കുന്തം, മഴു, ഇരുമ്പുവടി മുതലായ ആയുധങ്ങളുമായി തെക്കുനിന്ന് വരികയും വയലിലേക്ക് നീങ്ങുകയും, ഭീഷണിയുടെ ശബ്ദം മുഴക്കുകയും, പോലീസിന് എതിരായി മുദ്രാവാക്യം മുഴക്കുകയും, പോലീസിന്റെ നേരെ കുന്തങ്ങൾ വലിച്ചെറിയുകയും ചെയ്തു. അപ്പോൾ മൈക്ക് ഉപയോഗിച്ച് ഒരു പോലീസ് സബ്ഇൻസ്പെക്ടർ ജനക്കൂട്ടത്തോടു പറിഞ്ഞു പോകണമെന്നാവശ്യപ്പെട്ടു. എന്നാൽ ജനക്കൂട്ടം വയൽ ലക്ഷ്യമാക്കി വരികയും അവിടെ ജോലിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളെ ആക്രമിക്കുകയും, ഓടിക്കുകയും ചെയ്തു. അവർ അവിടെ കൊയ്തിട്ടിരുന്ന നെല്ല് എല്ലാം ബലംപ്രയോഗിച്ച് എടുത്തുകൊണ്ടു പോകുകയും ചിലയിടത്ത് തീവയ്ക്കുകയും ചെയ്തു. പോലീസ് അവർക്ക് ശരിയായ താക്കീത് നൽകിയതിനുശേഷം പിരിഞ്ഞുപോകുന്നതിനുവേണ്ടി ലാത്തിച്ചാർജ് നടത്തുകയുണ്ടായി. എന്നാൽ ലാത്തിച്ചാർജ് ഫലപ്രദമല്ലാതെ വന്നു. കൃഷിക്കാരുടെ ഷെഡ്ഡുകളും ജനക്കൂട്ടം തീവയ്ക്കുകയും പോലീസിനെ കല്ലെറിയുകയും ചെയ്യുന്ന നടപടികളും തുടർന്നുകൊണ്ടിരുന്നു. ഒരു ട്രാൻസ്ഫോർമറും തീകത്തിക്കുകയുണ്ടായി. ജനക്കൂട്ടത്തിൽ 150 ഓളം ആളുകളും കായൽ കടന്നു പടിഞ്ഞാറോട്ടുപോയി കുപ്പപ്പുറം എന്ന സ്ഥലത്ത് ചെന്ന് അവിടെ നെല്ല് ശേഖരിച്ചിരുന്ന ഷെഡ്ഡുകളും തീവയ്ക്കുകയും ചെയ്തു. അത് കവലക്കൽ മാത്തൻ എന്നൊരാളിന്റെ സ്ഥലം ആയിരുന്നു. ഈ സമയത്ത് പോലീസ് ജനക്കൂട്ടത്തെ പിരിച്ചു വിടാൻ യാതൊരു മാർഗ്ഗവുമില്ലെന്നുള്ള സ്ഥിതിവിശേഷം വന്നു. അവിടെ ജോലിയിൽ ഏർപ്പെട്ടിരുന്ന ആളുകൾക്കും സ്വത്തിനും സംരക്ഷണം നൽകാൻ മറ്റു മാർഗ്ഗങ്ങളൊന്നുംതന്നെ ഇല്ലായിരുന്നു. ജനക്കൂട്ടം പിരിഞ്ഞുപോകുന്നതിനു കാര്യമായ താക്കീത് നൽകിയതിനുശേഷം പോലീസ് കോൺസ്റ്റബിൾമാരോട് വെടിവയ്ക്കാൻ ആവശ്യപ്പെടുകയും നാലു റൗണ്ട് വെടിവയ്ക്കുകയും ചെയ്തു. വെടിവച്ചതിന്റെ ഫലമായി ഒരാൾ കൊല്ലപ്പെടുകയും ഒരാൾക്ക് പരിക്ക് പറ്റുകയുമുണ്ടായി. പരിക്ക് പറ്റിയ ആളെ അവർ എടുത്തുകൊണ്ടുപോയി ഒരു കാട്ടിലിട്ടിട്ട് പൊയ്ക്കളഞ്ഞു. ആ ആളെ പോലീസ് എടുത്തുകൊണ്ടുവരികയും ആശുപത്രിയിലേക്ക് നീക്കം ചെയ്യുകയും ചെയ്തു. വെടിവച്ചപ്പോൾ ജനക്കൂട്ടം പിരിഞ്ഞു പോകുകയുണ്ടായി. ഈ സംഭവത്തിന് കാരണമാക്കിയ മൂന്ന് പേരെ സംഭവസ്ഥലത്തുവച്ചുതന്നെ അറസ്റ്റു ചെയ്തു. അതിനുശേഷം പോലീസ് ചെറുകാലി കായൽ പ്രദേശത്തുണ്ടായിരുന്ന തീ കെടുത്തുകയും, കുപ്പപ്പുറത്തുണ്ടായിരുന്ന തീ കെടുത്തുകയും ചെയ്തു. മൂന്ന് വള്ളങ്ങൾക്ക് ജനക്കൂട്ടം കേടുവരുത്തുക

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. ഒരു സബ്ഇൻസ്പെക്ടർക്കും, നാലു പോലീസു കോൺസ്റ്റബിൾമാർക്കും, മൂന്ന് കൃഷിക്കാർക്കും മുറിവേറ്റിട്ടുണ്ട്. അവിടെ കൃഷിക്കാർക്ക് വേണ്ടി ജോലിചെയ്തിരുന്ന തൊഴിലാളികളിൽ എത്ര പേർക്ക് മുറിവ് പറ്റിയെന്ന് ഈ റിപ്പോർട്ടു അയക്കുന്ന സമയത്ത് വ്യക്തമല്ല. കാരണം അവർ ഭയന്ന് പല ഭാഗത്തേക്കും ഓടിപോകുകയാണ് ചെയ്തത്. ഈ അക്രമത്തിന്റെ ഫലമായി 34,000 രൂപയുടെ നഷ്ടം വരുമെന്നാണ് പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

പള്ളാത്തുരുത്തി എന്ന സ്ഥലത്ത് അറുന്നൂറോളം കർഷകതൊഴിലാളികളും കൊയ്ത്തിൽ ഏർപ്പെട്ടിരുന്നു. അവിടെയും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെ അനുകൂലിക്കുന്ന പത്ത് മുന്നൂറ് പേർ ചെന്ന് കൊയ്ത്തിനെ തടസ്സപ്പെടുത്തുന്നതിന് ശ്രമിക്കുകയുണ്ടായി. ആർ. ഡി. ഒ. യും, ഡി. എസ്. പി. യും പോലീസ് പാർട്ടിയും അവിടെ ചെല്ലുകയും അക്രമപ്രവർത്തനങ്ങളും നടത്തിയവരെ ആട്ടിയോടിക്കുകയും ചെയ്തു. അതുകൊണ്ട് അവിടെ തടസ്സങ്ങളോ അനിഷ്ടസംഭവങ്ങളോ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ചെറുകാലി പ്രദേശത്തും അതുപോലെ ചെയ്യാൻ ശ്രമിച്ചിട്ടും ഫലം ഉണ്ടായില്ല. അതിന്റെ ഫലമായിട്ടാണ് വെടിവയ്ക്കാനിടയായത്.

ഒരാളിന്റെ മരണത്തിനും മറ്റൊരാൾക്ക് പരിക്കു പറ്റിയതിനും ഇടയാക്കിയ സംഭവത്തെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ ഉദ്യോഗസ്ഥനെ വച്ച് അന്വേഷിക്കാൻ ഗവൺമെന്റു സന്നദ്ധമാണെന്നുള്ള വിവരം ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇക്കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അവശ്യമായ സംരക്ഷണം നൽകാനും ജനങ്ങൾക്കും സ്വത്തിനും രക്ഷ നൽകാനും വേണ്ടി പോലീസ് ബലം പ്രയോഗിച്ചതാണ്. അതില്ലെങ്കിൽ ഇപ്പോൾ സംഭവിച്ചതിലും വളരെ ജാസ്തികുഴപ്പം ഉണ്ടാകുമായിരുന്നു. ഇത്രയുംതന്നെ സംഭവിച്ചത് വളരെ നിർഭാഗ്യകരമാണ്. ഇനി അവിടെ കൂടുതലൊന്നുംതന്നെ സംഭവിക്കുകയില്ലെന്ന് കരുതാം. ഈ സംഗതികളുടെ യാഥാർത്ഥ്യം അറിയുന്നതിനും അതനുസരിച്ച് വേണ്ട നടപടികളെടുക്കുന്നതിനും ഗവൺമെന്റിനു യാതൊരു മടിയുമില്ല. അവിടത്തെ സ്ഥിതിഗതികളും ഇപ്പോൾ നിയന്ത്രാണാതീതമല്ലെന്നും, അവിടെ ഇപ്പോൾ എല്ലാം ശാന്തമാണെന്നുമുള്ള വിവരം ഈ സഭയെ ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: സർ, ഞാൻ ഇന്നലെ ഈ സംഭവം നടന്ന സ്ഥലത്തു പോയിരുന്നു. ഞാൻ അവിടെ പോയപ്പോൾ അവിടെ പോലീസ് ഉദ്യോഗസ്ഥൻമാരും ആർ. ഡി. ഓ. യും സ്ഥലത്തുണ്ടായിരുന്നു. ഞാൻ അവിടെയുള്ള കർഷകത്തൊഴിലാളികളുമായിട്ടും അവിടെയുള്ള ഒരു ഭൂവുടമയുമായിട്ടും സംസാരിക്കുകയുണ്ടായി. അവരുമായി ഞാൻ സംസാരിച്ചതിൽനിന്നും എനിക്കു മനസ്സിലായത് മന്ത്രി പറഞ്ഞിട്ടുള്ള വിവരങ്ങളും എല്ലാംതന്നെ തികച്ചും തെറ്റിദ്ധാരണയുളവാക്കുന്നതും ശരിയല്ലാത്തതുമാണെന്നാണ്. യഥാർത്ഥത്തിൽ അവിടെയുള്ള പ്രദേശങ്ങളിൽ, വിശേഷിച്ച് കുട്ടനാട് പ്രദേശങ്ങളിൽ കുറെക്കാലമായി ഇത്തരം സംഭവങ്ങളുണ്ടാകുന്നുണ്ട്. ഒരു സ്ഥലത്തു കൊയ്ത്തുനടക്കുമ്പോഴോ, കൃഷിനടക്കുമ്പോഴോ അതാതു പ്രദേശത്തുള്ള ആളുകൾക്ക് തൊഴിൽ നൽകുകയെന്നുള്ള പ്രശ്നം പലപ്പോഴും ചർച്ച ചെയ്തിട്ടുണ്ട്. അതിനാവശ്യമായ സമ്മേളനങ്ങൾ ഗവൺമെന്റു വിളിച്ചുകൂട്ടിയിട്ടുണ്ട്. ഞാനും ഇത്തരം സമ്മേളനങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. മന്ത്രി പറഞ്ഞ റിപ്പോർട്ടിലെ വരികൾക്കിടയിൽ 150 ആളുകളെ കൃഷിക്കാർ കൊണ്ടുവന്നുവെന്നും, വേറെ 50 ആളുകൾ ആ പ്രദേശത്തുള്ള തൊഴിലാളികൾ കൂടിയുണ്ടായിരുന്നുവെന്നാണ്. അവർ

LIBRARY ARCHIVES Kerala Legislative Assembly

കൊയ്ത്തിന് നിന്നില്ലെന്നുമാണ് പറഞ്ഞതു. യഥാർത്ഥത്തിൽ അവിടെ നടന്നത് അതല്ല. ആ പ്രദേശത്തുള്ള ചെറുകിട ഭൂവുടമകളും പലതും പത്തിന്റെയും കൂലിയുടെയും കാര്യത്തിൽ തർക്കിക്കുന്നുണ്ട്. കൂലിയുടെ കാര്യത്തിൽ നെല്ലുവിലക്കൊണ്ട് കുഴപ്പങ്ങൾ വന്നിട്ടുണ്ട്. പതം എന്നുപറയുന്നത് സാധാരണ കൂലി യാണ് ആദ്യം പത്തിലൊന്ന് എന്നുള്ളത് എട്ടിലൊന്ന് ഏഴിലൊന്ന് വരെയായിട്ടുണ്ട്. കാവാലം എന്ന സ്ഥലത്ത് ഏഴിലൊന്ന് കൊടുത്തുവെന്നുള്ള കാരണത്താൽ അവിടെയുള്ള പാവപ്പെട്ട കൃഷിതൊഴിലാളികളെ തല്ലി. ഇത്തരം സംഭവങ്ങളാണ് അവിടെ നടക്കുന്നത്. ആ നിലയ്ക്കാണ് കൃഷിക്കും കൊയ്ത്തിനും പുറത്തുനിന്ന് തൊഴിലാളികളെ കൊണ്ടുവരാൻ പാടില്ലെന്നുള്ള തത്വം അംഗീകരിച്ചത്. അങ്ങിനെ അംഗീകരിച്ച തത്വത്തിന് വിപരീതമായി ഇന്നലെ കുപ്പപ്പുറം എന്ന സ്ഥലത്ത്—150 എന്നാണ് മന്ത്രി പറഞ്ഞത്, മുന്നൂറോളം ആളുകൾ എന്നാണ് എനിക്ക് അവിടെനിന്നും കിട്ടിയ വിവരം—കൊണ്ടുവന്ന് കൊയ്ത്തു തുടങ്ങിയത്. അംഗീകൃത ചട്ടങ്ങൾക്കും വഴക്കങ്ങൾക്കും എതിരായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഇന്നലെ ഈ സംഭവം ഉണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾ പ്രകോഷോഭണം നടത്തിയപ്പോൾ ലാത്തി ചാർജ് നടത്തുകയുണ്ടായി. ലാത്തിച്ചാർജ് നടത്തിയപ്പോൾ തൊഴിലാളികൾ സ്വാഭാവികമായി അവിടെ കൂടുതൽ വന്നു. അപ്പോഴാണ് പോലീസ് വെടിവയ്പ്പ് നടത്തിയത്. ഇന്ന് അവിടെ എല്ലാം ശാന്തമാണെന്നാണ് മന്ത്രി പറഞ്ഞത്. യാഥാർത്ഥ്യവുമായി യാതൊരു പൊരുത്തവുമില്ലാത്തതാണ്.

ശ്രീ. ഇ. ജോൺജേക്കബ്: അവിടെ തീവെയ്പ്പ് നടത്തിയതോ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ഇങ്ങിനെ ചോദ്യം ചോദിക്കുന്ന വിധത്തിൽ ഒരു ചർച്ചയ്ക്ക് വയ്ക്കുകയാണെങ്കിൽ ചോദ്യങ്ങളും ധാരാളമാകാം. ഞങ്ങൾക്കും അങ്ങോട്ടും ധാരാളം ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്, ഈ സംഭവം ഇവിടെ ചർച്ചയ്ക്ക് വന്നിട്ടുള്ളതിന്റെ ന്യായാന്യായതകളെപ്പറ്റി ഞാൻ പറയുകയാണ്. ആർ. ഡി. ഒ. എന്നോടു പറഞ്ഞു ഇത്തരത്തിലുള്ള പല വഴക്കുകളും പലയിടത്തും ഉണ്ടാകുന്നുണ്ടെന്ന്. ഒരു സ്ഥലത്ത് ഇങ്ങിനെ ഉണ്ടായിയെന്നും അവിടെ വഴക്കു തീർക്കാൻ സാധിച്ചുവെന്നും പറഞ്ഞു. ഇതിവിടെയും തീർക്കാൻ കഴിയുമായിരുന്നു. ഈ പ്രശ്നത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി പറയുന്നില്ല. അദ്ദേഹത്തിന്റെ പ്രസ്താവനയിൽനിന്നും മനസ്സിലാക്കുന്നത് വേണ്ടത്ര സമയം കിട്ടിയിരുന്നുവെങ്കിൽ ഇതു തീർക്കാൻ കഴിയുമായിരുന്നുവെന്നാണ്. എന്റെ രാഷ്ട്രീയമായ വിശ്വാസം സമാധാനപരമായി കാര്യങ്ങൾ ഒതുക്കിത്തീർക്കാതെ കുഴപ്പങ്ങൾ ഉണ്ടാക്കാൻ കരുതിക്കൂട്ടി മുന്നൂറോളം ആളുകളെ—പുറമെനിന്നും കൊണ്ടുവന്ന് വഴക്കുണ്ടാക്കുകയായിരുന്നുവെന്നാണ്. ആ സ്ഥിതിക്ക് അതിന്റെ സത്യാവസ്ഥ കൊണ്ടുവരുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി അങ്ങ് ഇതിനെപ്പറ്റി ഒരു ചർച്ചയ്ക്ക് സമയം അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എനിക്കു ഇനി ഇതിനെപ്പറ്റി കൂടുതലായി ഒന്നുംതന്നെ പറയാനില്ല. ഈ പ്രശ്നത്തെസംബന്ധിച്ചിടത്തോളം ഒരു ജുഡീഷ്യൽ അന്വേഷണത്തിനു ഗവൺമെന്റ് സന്നദ്ധമാണെന്നു പ്രഖ്യാപിക്കുന്ന സ്ഥിതിക്ക് ആ അന്വേഷണത്തിനും സ്വാധീനിക്കുന്ന വിധത്തിൽ, തടസ്സമാകുന്ന വിധത്തിൽ ഒരു ചർച്ച ഇവിടെ നടത്തുന്നത് ശരിയല്ല. അതുകൊണ്ട് ഒരു ചർച്ചയുടെ ആവശ്യമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. അവിടെ പൊതുവേ ശാന്തമാണ്, യാതൊരു കുഴപ്പവും ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടികളും എടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അതിനെപ്പറ്റി ഒരു ചർച്ച നടത്തേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അച്യുതാനന്ദനും മറ്റ് പത്ത് പന്ത്രണ്ട് ബഹുമാനപ്പെട്ട അംഗങ്ങളും കൂടി നൽകിയിരിക്കുന്ന അടിയന്തിര പ്രമേയത്തിന് ആസ്പദമായിട്ടുള്ള കാര്യങ്ങൾതീർച്ചയായും വളരെ ഗൗരവതരമായിട്ടുള്ളതാണ്. അവിടെ ഒരു സംഘട്ടനം നടന്നുയെന്നും ആ സംഘട്ടനത്തിന്റെ അടിസ്ഥാനത്തിൽ ഒരാൾ മരിച്ചുയെന്നുള്ള വസ്തുത ഗൗരവമേറിയതാണ്. അതേസംബന്ധിച്ച് ഗവൺമെന്റ് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുമെന്നുള്ള നിലപാട് സ്വീകരിച്ച് ജുഡിഷ്യൽ അന്വേഷണത്തിനു വേണ്ടി റ്റർപ്പാടുകൾ ചെയ്യുമെന്ന് പറഞ്ഞു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ആ നടന്നു കഴിഞ്ഞിരിക്കുന്ന സംഭവങ്ങളെ സംബന്ധിച്ചിടത്തോളമൊക്കെ കൂടുതലായിട്ട് ചർച്ചചെയ്യുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്ന് തോന്നുന്നില്ല. ഭാവിയിൽ എന്തുണ്ടാകാൻ പോകുന്നുയെന്നുള്ളതിനെസംബന്ധിച്ചിടത്തോളം ഇതിന്റെ സാഹചര്യത്തിൽ ചില സംഭവങ്ങളെല്ലാം അവിടെ ഉണ്ടാകുമെന്ന് ലീഡർ ഓഫ് ഓപ്പോസിഷൻ പറഞ്ഞു. ഇന്നലെപ്പോയി സ്ഥലം കണ്ടതിനുശേഷമാണ് അദ്ദേഹം ഈ അഭിപ്രായം പറയുന്നതെന്നും പറയുന്നു. അദ്ദേഹം പറഞ്ഞ നിലപാടല്ലാ അവിടെയുള്ളതെന്ന് ഗവൺമെൻറുഭാഗത്തുനിന്നും മറുപടി പറഞ്ഞു. ഗവർമ്മെൻറിന്റെ അഭിപ്രായയമനുസരിച്ച് ഗവൺമെൻറിനു കിട്ടിയ റിപ്പോർട്ടു അനുസരിച്ച് സുരക്ഷിതത്വം കൈവരിക്കുന്നതിനുള്ള നടപടികളും ഗവൺമെൻറ് അവിടെ ശക്തിയായി സ്വീകരിച്ചുവെന്നാണ് പറയുന്നത്.—എതായാലും ഗവൺമെൻറ് അങ്ങനെ നടപടി സ്വീകരിച്ചിരിക്കുന്നുവെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് അവിശ്വസിക്കേണ്ടതായ കാര്യമൊന്നുമില്ല. ഈ സാഹചര്യത്തിൽ കൂടുതൽ സംഭവവികാസങ്ങളും അവിടെയുണ്ടാകുമെന്ന് തോന്നാത്ത ഒരു സാഹചര്യമാണ് ഉള്ളതെന്ന് തോന്നുന്നു. എതായാലും ഗവൺമെൻറ് ഇതു സംബന്ധിച്ച് സുശക്തമായ നടപടികളും വീണ്ടും എടുക്കുമെന്ന് ഉറപ്പു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഈ അടിയന്തിരപ്രമേയം ഒരു അടിയന്തിരപ്രമേയമായി ചർച്ചചെയ്യണമെന്ന് ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഈ ഗവൺമെൻറ് ഇതുവരെ എടുത്തിട്ടുള്ള നടപടികളിൽ വിശ്വാസമില്ലാത്തതുകൊണ്ടുതന്നെയാണ് ഇത് ചർച്ചചെയ്യണമെന്ന് പറയുന്നത്. മൂന്നാഴ്ചക്ക് മുമ്പ് തൈക്കാട്ടുശേരിയിൽ 150 വീടുകളും തല്ലി പൊളിച്ചിട്ട് ആ തല്ലിപൊളിച്ചതിനെതിരായി ഇന്നുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല. ഈ സ്ഥിതിക്ക് ഗവൺമെൻറിന്റെ പേരിലുള്ള വിശ്വാസക്കുറവുകൊണ്ടു തന്നെയാണ് ഇതു ചർച്ചചെയ്യണമെന്ന് ഞാൻ പറയുന്നത്. ഭീകരമായ വെടിവയ്പ്പു നടന്നിട്ടുള്ള സംഗതികളിൽപ്പോലും ചർച്ച അനുവദിക്കാൻ തയ്യാറില്ലാത്ത ഗവൺമെൻറിന്റെ നടപടിയിൽ പ്രതിഷേധിച്ച് എന്റെ പാർട്ടി ഇന്നത്തെ സഭായോഗത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയാണ്.

[Shri E. M. Sankaran Namboodripad followed by the members of his party then walked out of the House.]

ശ്രീ. കെ. കെ. അബു: ഞാൻ വിനീതമായി സർക്കാർഭാഗത്തോടു അഭ്യർത്ഥിക്കുകയുണ്ടായി, വെടിവയ്പ്പുപോലുള്ള കാര്യങ്ങളും പോലീസുനയവും ഒക്കെതന്നെ പ്രതിപക്ഷവും ഭരണകക്ഷിയും ഒന്നിച്ചിരുന്ന് ആലോചിച്ച് അതിനെന്തെങ്കിലും പരിഹാരംകാണണമെന്ന്. സർക്കാർ ഭാഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽനിന്നു പോലീസിന്റെ നിലപാടിനെ ന്യായീകരിക്കുമ്പോഴും ഇത്തരം വെടിവയ്പ്പുകളും വീണ്ടും ഉണ്ടായികൊണ്ടിരിക്കുന്നത് പ്രതിഷേധാർഹമാണ്. അതുകൊണ്ട് ഞങ്ങളും വാക്കൗട്ട് ചെയ്യുന്നു.

[Shri K. K. Aboo followed by the members of his party then walked out of the House.]

ശ്രീ. ഇ. ജോൺജേക്കബ്: ഈ പ്രശ്നത്തെക്കുറിച്ച് ഒരു കാര്യം സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. തൊഴിൽ തർക്കത്തെപ്പറ്റി ഇന്നുതന്നെ കുട്ടനാട് ഇൻഡസ്ട്രീയൽ റിലേഷൻസ് കമ്മിറ്റി ആലപ്പുഴ കളക്ടറുടെ നേതൃത്വത്തിൽ കൂടുകയാണ്.

CALLING ATTENTION UNDER RULE 61

Attack on Marxists at Cherukunnom.

മി. സ്പീക്കർ: കണ്ണൂരിൽ ചെറുകുന്ന് എന്ന സ്ഥലത്ത് വച്ച് 300-ൽ പ്പരം ആയുധധാരികളായ മാർക്സിസ്റ്റ്കാർ മുസ്ലീംലീഗുകാരെ ആക്രമിക്കുകയും അതിന്റെ ഫലമായി ഒരാൾ കൊല്ലപ്പെടുകയും മറ്റ് രണ്ട് പേർക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്ത സംഭവത്തെസംബന്ധിച്ച് റൂൾ 61 അനുസരിച്ച് ശ്രീ. അഹമ്മദ് നോട്ടീസ് തന്നിട്ടുണ്ട്. അദ്ദേഹത്തിന് സംസാരിക്കാം.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ കഴിഞ്ഞ 25-ാം തീയതി ഒരു കുഴപ്പ ബാധിത പ്രദേശമായ കണ്ണപുരത്തിനടത്തുള്ള ചെറുകുന്നിൽ മാർക്സ്റ്റേതര കക്ഷികളുടെ സമാധാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം നടത്തുകയുണ്ടായി. ആ യോഗത്തിൽ സംബന്ധിക്കാൻ പോയിരുന്ന കുറെ ആളുകളും തിരിച്ചു വരുമ്പോൾ മാർക്സിസ്റ്റുകാരുടെ ശക്തി കേന്ദ്രമായ ചെറുകുന്നിലെ ഇരണാവുജംഗ്ഷൻ പ്രദേശത്ത് വച്ച് ആയുധധാരികളായ 300-ഓളം മാർക്സിസ്റ്റ്കാർ ഇവരെ വളയുകയും അവരുടെ നേരെ കല്ലേറ് നടത്തുകയും ചെയ്തു. കല്ലേറിൽനിന്നും രക്ഷപ്പെടാൻ വേണ്ടി ഓടിക്കൊണ്ടിരുന്ന മുസ്ലീംലീഗ് അനുഭാവികളും സമാധാനതൽപ്പരരുമായ ആളുകളെ മാർക്സിസ്റ്റുകാർ സംഘം ചേർന്ന് ആക്രമിക്കുകയും അതിന്റെ ഫലമായി മൂന്ന് തൊഴിലാളികൾക്കു സാരമായ മുറിവേൽക്കുകയും ചെയ്തു. വളപട്ടണത്ത് മരജോലിചെയ്യുന്ന ഐ. ബി. മഹമൂദ്, പി. ഹംസാ, കൊട്ടാരത്തിൽ മുസാൻകുട്ടി എന്നു പറയുന്ന ഈ മൂന്നു തൊഴിലാളികൾക്കും സാരമായ മുറിവേൽക്കുകയും കണ്ണൂർ ഹെഡ്ഡ് കാർട്ടേഴ്സ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഈ പരിക്കേറ്റവരിൽ മഹമൂദ് എന്ന തൊഴിലാളി 25-ാം തീയതി കണ്ണൂർ ആശുപത്രിയിൽ വച്ചു ഗുരുതരമായ പരിക്കിന്റെ ഫലമായി മരണമടയുകയും ചെയ്തു. മാർക്സ്സിസ്റ്റുകാർ ആ പ്രദേശത്ത് നടത്തിവരുന്ന സായുധസംഘട്ടനത്തിന്റെ ഫലമായി നിരപരാധികളായ ആളുകൾ മരിച്ചു വീഴുകയാണ്. ഇത്തരം ഗുണ്ടാകളുടെ പ്രവർത്തനം തുടരാൻ അനുവദിക്കുന്നതുകൊണ്ട് ആ പ്രദേശത്ത് സംഘർഷാവസ്ഥയും ഭീകരാവസ്ഥയും നിലനിൽക്കുകയാണ്. കണ്ണപുരം, ചെറുകുന്ന് തുടങ്ങിയ ആ പ്രദേശത്തുള്ള ഭീകരാവസ്ഥ അടിയന്തിരമായി അവസാനിപ്പിക്കാത്ത പക്ഷം അവിടെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാകുമെന്നും പാവപ്പെട്ട നിരപരാധികളായ തൊഴിലാളികളുടെ മരണത്തിനിടയാക്കിയ ഇത്തരം സംഭവങ്ങൾ മേലിൽ ഇല്ലാതാക്കുന്നതിനും മാർക്സ്സിസ്റ്റ് ഗുണ്ടാകളുടെ ആക്രമണത്തിൽ നിന്ന് നിരപരാധികളെ രക്ഷിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly